**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5871** **09-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ ആശുപത്രികളുടെ എണ്ണം കൂട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്ക് ക്യാഷ് ലെസ് ചികിത്സാ സൗകര്യം ലഭ്യമാണെന്ന് അറിയിക്കുമോ; | (എ) | **തിരുവനന്തപുരം ജില്ലയിലെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളും അവിടെ ലഭ്യമാകുന്ന ചികിത്സാ വിഭാഗങ്ങളുടെ വിശദ വിവരവും മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ് .** |
| (ബി) | ഇതിൽ തുടക്കത്തിൽ മെഡിസെപ്പ് പദ്ധതിയിൽ ഉണ്ടായിരുന്ന ഏതെല്ലാം ആശുപത്രികൾ ഇപ്പോൾ പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | **തിരുവനന്തപുരം ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ തുടക്കത്തിൽ ഉണ്ടായിരുന്ന ജൂബിലി മെമ്മോറിയൽ ആശുപത്രി പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ട് .** |
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്ന് പിന്മാറിയ ആശുപത്രികളെ വീണ്ടും ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാമോ; | (സി) | ഉണ്ട്. പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷുറൻസ് കമ്പനിയായതിനാൽ പദ്ധതിയിൽ നിന്നും പിൻമാറിയ ആശുപത്രിയെ ഉൾപ്പെടുത്താൻ ഇൻഷുറൻസ് കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) | മെഡിസെപ്പ് പ്രീമിയം തുക ജീവനക്കാരിൽ നിന്നും കൃത്യമായി ഈടാക്കി അടച്ചിട്ടും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ എണ്ണം കുറയുന്നത് വീഴ്ചയായി കണക്കാക്കുന്നുണ്ടോ? | (ഡി) | ഇല്ല. സർക്കാരും ഇൻഷുറൻസ് കമ്പനിയുമായി ഒപ്പിട്ട MoU -വിലും ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ 23.06.2022 ലെ ജി ഒ (പി) 70/2022/ധന ഉത്തരവിലും പരാമർശിക്കുന്ന കർശന എംപാനൽമെന്റ് നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ എംപാനൽമെന്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. **അപ്രകാരം നാളിതുവരെ സമീപ സംസ്ഥാനങ്ങളിലെ 12 ആശുപത്രികൾ ഉൾപ്പെടെ ആകെ 553 ആശുപത്രികൾ മെഡിസെപ് -ൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ 396 പ്രൈവറ്റ് ആശുപത്രികളും 145 ഗവൺമെന്റ് ആശുപത്രികളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ